**പതിനാലാം കേരള നിയമസഭ**

**<u>പതിനാറാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ T 5458** **18.11.2019 ൽ മറുപടിയ്ക്ക്**

## സ്റ്റാർട്ട് അപ്പ് മിഷനുകളിൽ വനിതാ സംരംഭകർ

| ചോദ്യം<br>**ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് മിഷനുകളിൽ സ്ത്രീ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വനിത സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 20.05.2019 ലെ സ.ഉ (സാധാ) നം.98/2019/വി.സ.വ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് |
| (ബി) | സ്റ്റാർട്ട് അപ്പുകളിൽ നിലവിൽ എത്ര ശതമാനം വനിതാ സംരംഭകരാണുള്ളതെന്ന് അറിയിക്കാമോ; | (ബി) | സ്റ്റാർട്ടപ്പുകളിൽ വനിതകളുടെ പ്രാതിനിധ്യം നിലവിൽ 14% ആണ്. |
| (സി) | ഇത്തരം സംരംഭകർക്ക് എന്തൊക്കെ അധിക സഹായമാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും നൽകുന്നത് എന്ന് അറിയിക്കാമോ? | (സി) | വനിതാ സംരംഭകത്വ പദ്ധതി പ്രകാരം, വനിതാ സംരംഭകർക്ക് അനുവദനീയമായ അധിക സഹായങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ആദ്യകാല വനിത സംരംഭങ്ങൾക്ക് 3 മാസം സൗജന്യ പ്രീ ഇങ്കുബേഷൻ<br>2. 10 സ്റ്റാർട്ടപ്പുകൾ വീതമുള്ള 2 ബാച്ചുകൾക്ക് മേൽപ്പറഞ്ഞ സഹായം<br>3. ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷന് ചെലവാകുന്ന തുക 100% നൽകും.<br>4. ദേശീയ അന്തർദേശീയ ബിസിനസ്സ് മീറ്റുകളിൽ സ്റ്റാർട്ടപ്പ് കാലയളവിൽ 4 തവണ എന്ന വ്യവസ്ഥയിൽ ഒരു സംരംഭകയ്ക്ക് യാത്രാ ചെലവ്. |

| | | | |
|---|---|---|---|
| | | | 5. വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒരു സ്റ്റാർട്ടപ്പിന് വർഷത്തിൽ പരമാവധി 5 ലക്ഷം രൂപ എന്ന നിരക്കിൽ 2 വർഷ കാലയളവിലേയ്ക്കുള്ള സഹായം.<br>6. കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്ന സീഡ് ഫണ്ടിന് വനിതകൾക്ക് രണ്ട് വർഷം മൊറട്ടോറിയം<br>7. പർച്ചേസ് ഓർഡറുകൾക്ക് ഫാസ്റ്റ്ട്രാക്ക് വായ്പ സൗകര്യം<br>8. സർക്കാർ പദ്ധതികൾ ലഭ്യമാകുന്ന പക്ഷം ഫാസ്റ്റ്ട്രാക്ക് വായ്പ സൗകര്യം<br>9. സാങ്കേതിക കൈമാറ്റത്തിന് 10 ലക്ഷം എന്ന പരിധിയിൽ സഹായം<br>10. അന്തർദേശീയ വിനിമയ പരിപാടിയിൽ വനിതകൾക്ക് 10% സംവരണം. |

Saju

**സെക്ഷൻ ഓഫീസർ**